"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2142/2025/LSGD** | **തീയതി, തിരുവനന്തപുരം, 29-08-2025** |

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/02/2024 തീയതിയിലെ എ3/2646/2009/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/06/2025 തീയതിയിലെ DCTVM/975/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം. 1598/2025/തസ്വഭവ, തീയതി, 26/06/2025.
4. സ.ഉ.(സാധാ)നം. 6344/2025/ധന, തീയതി, 01/08/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ 0.84 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 940/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപയും ടി കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 59,40,566/- രൂപ റിക്കൂപ്പ് ചെയ്യുന്നതിനുമായി ആകെ 62,61,750/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 940/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപയും ടി കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 59,40,566/- രൂപ റിക്കൂപ്പ് ചെയ്യുന്നതിനുമായി ആകെ 62,61,750/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) '4217-60-800-

93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് 3,22,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 790/2, 2-1-ൽ ഉൾപ്പെട്ട 0.84 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 940/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരിത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി രാജേശ്വരി, ശ്രീമതി ആർ.അഞ്ജന ഹരീന്ദ്രൻ, ശ്രീ. രഞ്ജിത്ത് എന്നിവർക്ക് അനുവദിക്കുന്നതിനുമായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/195/2025-Fin dated 04/08/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/153/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 30-08-2025 11:37:08
സെക്ഷൻ ഓഫീസർ